"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2024-25 സാമ്പത്തിക വർഷം "2515-00-102-29-PV" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 225 കോടി രൂപയുടെ രണ്ടാം ഗഡുവായ 40 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2143/2024/LSGD തീയതി,തിരുവനന്തപുരം, 08-11-2024

---

പരാമർശം:-
1. 03.07.2018 തീയതിയിലെ സ.ഉ (അ) നം. 100/2018/ധന
2. 25.05.2024 തീയതിയിലെ സ.ഉ(സാധാ) നം. 919/2024/തസ്വഭവ
3. 14.06.2024 തീയതിയിലെ സ. ഉ (സാധാ) നം. 1050/2024/തസ്വഭവ
4. 31.08.2024 തീയതിയിലെ സ. ഉ (അ) നം. 76/2024/ധന
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.2024 തീയതിയിലെ KSHO/814/2024-A നമ്പർ കത്ത്

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29-PV" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 225 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ ആദ്യ ഗഡുവായി 45 കോടി രൂപ പരാമർശം (3) പ്രകാരം കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ രണ്ടാം ഗഡു അനുവദിച്ചുനൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (4) ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29-PV" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 225 കോടി രൂപയുടെ രണ്ടാം ഗഡുവായി 40 കോടി രൂപ (നാൽപത് കോടി രൂപ മാത്രം) കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശീർഷകത്തിലേക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സ്ക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എസ്.എ/ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-3/68/2024-Fin, E - 2754196 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/77/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 11-11-2024 11:55:39